**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1589** **07-02-2023 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | തുറമുഖം, കാഴ്ചബംഗ്ലാവുകൾ, പുരാവസ്തു, പുരാരേഖ വകുപ്പുകളുടെ കീഴിൽ കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിശദവിവരം നൽകാമോ; ഏതെല്ലാം ഓഫീസുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള മാരിടൈം ബോർഡിന് കീഴിൽ കാസർഗോഡ് ജില്ലയിൽ ഒരു തുറമുഖ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ടി ഓഫീസ് കാസർഗോഡ് റയിൽവേസ്റ്റേഷന്റെ പടിഞ്ഞാറു ഭാഗത്തായി സ്ഥിതി ചെയ്യുന്നു.<br>മേൽ വിലാസം : പോർട്ടോഫീസ്,<br>കേരള മാരിടൈം ബോർഡ്,<br>നിയർ ഓൾഡ് റെയിൽ വേ സ്റ്റേഷൻ റോഡ്,<br>കാസർകോട് - 671121<br>കാഴ്ചബംഗ്ലാവുകൾ, പുരാവസ്തു, പുരാരേഖ വകുപ്പുകളുടെ കീഴിൽ കാസർകോട് ജില്ലയിൽ ഓഫീസുകൾ ഇല്ല. |
| (ബി) | പ്രസ്തുത ഓഫീസുകൾ എത്രകാലമായി പ്രവർത്തിക്കുന്നുണ്ടെന്നും ഈ ഓഫീസുകളിൽ അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ; | (ബി) | കാസർകോട് തുറമുഖ ഓഫീസ് ഏകദേശം 75 വർഷത്തോളമായി പ്രവർത്തിക്കുന്നു. തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു. |
| (സി) | ഈ ഓഫീസുകളിൽ ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിവുകൾ നിലനിൽക്കുന്നുവെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ? | (സി) | നിലവിൽ ഒഴിവുകളില്ല. |

| തസ്തികയുടെ പേര് | എണ്ണം |
|---|---|
| പോർട്ട് കൺസർവ്വേറ്റർ | 1 |
| വാർഫ് സൂപ്പർവൈസർ | 1 |
| ക്ലാർക്ക് | 1 |
| ഓഫീസ് അറ്റൻഡന്റ് | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |

സെക്ഷൻ ഓഫീസർ